പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 920 — 20/03/2013-ൽ മറുപടിക്ക്

## പട്ടികജാതി-പട്ടികഗോത്രവർഗ്ഗ കമ്മീഷന് ലഭിച്ച പരാതികൾ

ചോദ്യം — മറുപടി

ശ്രീ.മുല്ലക്കര രത്നാകരൻ :
ശ്രീ. വി.ശശി
ശ്രീ. കെ.അജിത്ത്
ശ്രീ. ചിറ്റയം ഗോപകുമാർ

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആദിവാസി ദളിത് മേഖലകളിൽ നിന്നും 2012-13 വർഷങ്ങളിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു; ഇതിൽ അട്ടപ്പാടി മേഖലയിൽ നിന്നും ലഭിച്ച പരാതികളുടെ എണ്ണം എത്ര; | (എ) | ഇക്കാലയളവിൽ ആകെ 3106 പരാതികൾ കമ്മീഷനു ലഭിച്ചിട്ടുണ്ട്. ഇതിൽ 105 പരാതികൾ അട്ടപ്പാടി മേഖലയിൽ നിന്നും ലഭിച്ചിട്ടുള്ളവയാണ്. |
| (ബി) | ഭൂമി നഷ്ടപ്പെട്ട വിഷയം സംബന്ധിച്ച് എത്ര കേസ്സുകൾ കമ്മീഷന് ലഭിച്ചു; ഇതിൽ ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെട്ട എത്ര കേസ്സുകളുണ്ട്. | (ബി) | ഭൂമി നഷ്ടപ്പെട്ട വിഷയം സംബന്ധിച്ച് 264 കേസുകൾ ലഭിച്ചിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെട്ട കേസുകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | കമ്മീഷനു മുൻപാകെ കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കമ്മീഷനിൽ തീർപ്പാകാതെ കെട്ടികിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി എല്ലാ ആഴ്ചയിലും തിങ്കൾ മുതൽ വ്യാഴം വരെ ദിവസങ്ങളിൽ കമ്മീഷന്റെ കോർട്ട് ഹാളിൽ ഫുൾകമ്മീഷൻ സിറ്റിംഗ് നടത്തി വരുന്നു. കൂടാതെ ഓരോ ജില്ലകളിലും രണ്ട് ദിവസം വീതം അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കി വരുന്നു. 2012-13 വർഷം 14 ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. അടുത്ത വർഷം വീണ്ടും താലൂക്ക് തലത്തിൽ അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ